**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **19-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം - പൊന്മുടി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കെ.എസ്.റ്റി.പി. നിർമ്മാണ ചുമതല നിർവ്വഹിക്കുന്ന തിരുവനന്തപുരം - പൊന്മുടി റോഡ് നവീകരണ പ്രവൃത്തികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ; | (എ) | 369/KSTP/PMT/PWD/2021 എന്ന കരാർ ഉടമ്പടി പ്രകാരം 167.70 കോടി രൂപ കരാർ തുക നിശ്ചയിച്ച് തുടങ്ങിയ പ്രവൃത്തികളുടെ പുരോഗതി മന്ദഗതിയിലായതിനാൽ 26.04.2025-ൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് പുതുക്കിയ DPR അനുസരിച്ച് 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തി ഉൾപ്പെടെ 215.55 കോടി രൂപയ്ക്ക് RKI യുടെ അംഗീകാരം ലഭിക്കുകയുമുണ്ടായി. നിലവിൽ പ്രവൃത്തിയുടെ പുരോഗതി 33 ശതമാനം ആണ്. 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തിക്ക് കെ.എസ്.റ്റി.പി സാങ്കേതിക അനുമതി നൽകുകയും 27.08.2025-ന് പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശവാസികളിൽ നിന്നും ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (ബി) | പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു പോരുന്നു. നിലവിലെ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത അവസരത്തിൽ 1.10 കോടി രൂപയുടെ PAP പ്രവൃത്തികൾക്ക് 2 പ്രാവശ്യം ടെൻഡർ ചെയ്തുവെങ്കിലും കരാറുകാരെ ലഭ്യമായില്ല. നിരത്ത് വിഭാഗത്തിന്റെ നേതൃത്വത്തിൽ 50 ലക്ഷം രൂപയുടെ അറ്റകുറ്റപണി പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്തതിനാൽ പുതിയ കരാറുകാരനെ ലഭിയ്ക്കുന്ന മുറയ്ക്ക് തുടർ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ